# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടി ചട്ടം 48 അനുസരിച്ചുള്ള അടിയന്തിര ചോദ്യം നം.1

15.07.2014 ൽ മറുപടിയ്ക്ക്.

## ചരക്ക് വാഹനങ്ങളിൽ സ്പീഡ് ഗവർണർ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ വരുത്തിയ മാറ്റം

| ചോദ്യം<br>ശ്രീ. പി.റ്റി.എ. റഹീം. | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചരക്ക് വാഹനങ്ങളിൽ സ്പീഡ് ഗവർണർ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ 2012 -ൽ വരുത്തിയ മാറ്റം 2014 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കേരളത്തിൽ രജിസ്റ്റർ ചെയ്ത ചരക്ക് വാഹനങ്ങൾ കേരളത്തിന് പുറത്ത് സർവ്വീസ് നടത്തുമ്പോൾ എക്സ് പ്രസ്സ് ഹൈവേകളിൽ വേഗത്തിൽ ഓടുന്നതിന് സ്പീഡ് ഗവർണർ തടസ്സം സൃഷ്ടിക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | കേരളത്തിന് പുറത്തുള്ള ചരക്ക് വാഹനങ്ങളോടൊപ്പം വേഗത്തിൽ ലക്ഷ്യസ്ഥാനങ്ങളിലെത്താൻ കേരള രജിസ്ട്രേഷനുള്ള ലോറികളെ കൂടി പ്രാപ്തമാക്കുന്ന രീതിയിൽ കേന്ദ്ര ചട്ടം കേരളത്തിനുകൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | കേന്ദ്രസർക്കാരിന്റെ പുതിയ വിജ്ഞാപന പ്രകാരം 01/04/2014 മുതൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയെങ്കിലും സ്റ്റേറ്റ് പെർമിറ്റ് , നാഷണൽ പെർമിറ്റ് ഗുഡ്സ് വാഹനങ്ങൾ, ആൾ ഇന്ത്യാ പെർമിറ്റ് വാഹനങ്ങൾ എന്നിവയെ അതിൽനിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ഇത് |

| | | | |
|---|---|---|---|
| | | | കേരളത്തിലെ വാഹന സാന്ദ്രതയും റോഡുകളുടെ പരിമിതികളും കണക്കിലെടുക്കുമ്പോൾ അപകടങ്ങൾ വർദ്ധിക്കുവാൻ കാരണമാകുമെന്നതിനാൽ ഇത്തരം വാഹനങ്ങളെ കൂടി സ്പീഡ്ഗവർണർ ഫിറ്റ് ചെയ്യേണ്ടതായ വാഹനങ്ങളുടെ വിഭാഗത്തിൽ നിലനിർത്തിക്കൊണ്ട് ടി വിജ്ഞാപനം ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. കേരളത്തിലെ സ്പീഡ്ഗവർണർ ഘടിപ്പിച്ച വാഹനങ്ങളോടൊപ്പം സ്പീഡ് ഗവർണർ ഒഴിവാക്കിക്കൊണ്ട് മേൽപ്പറഞ്ഞ വാഹനങ്ങൾ മത്സരിക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കും. ആകയാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് അറിഞ്ഞ ശേഷം അതിനനുസൃതമായി തുടർനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.